(ഇ)&(എഫ്) തിരുവനന്തപുരം ജില്ലാ കൈത്തറി സഹകരണ സംഘം കൗൺസിൽ നം. 443/81 എന്ന സംഘടന കൈത്തറി സർവേ നടത്തുന്നതിനു മുൻപായി അവർക്ക് റിബേറ്റ് പദ്ധതിപ്രകാരം ലഭിക്കേണ്ട കുടിശ്ശിക പൂർണ്ണമായും നൽകണം എന്നു കാണിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഒ.പി. നം.9312/98 നമ്പരായി സമർപ്പിച്ച പെറ്റീഷനിൽ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവായി പുറപ്പെടുവിച്ച നിർദ്ദേശത്തിൽ കൈത്തറി സർവേ നിർത്തിവയ്ക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ കാലാവധി പല പ്രാവശ്യമായി ദീർഘിപ്പിച്ചു വരികയാണ്.

24 (*444) ഹജ്ജ് തീർത്ഥാടനം

<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്</u> :
<u>ശ്രീ. എം.പി. വർഗ്ഗീസ്</u> :
<u>ശ്രീ. എ. കണാരൻ</u> :
<u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. ടി.കെ. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിന്നും ഹജ്ജ് കർമ്മത്തിന് നേരിട്ട് മെക്കയിലേക്ക് പോകുന്ന തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവർക്ക് മെക്കയിൽ താമസത്തിന് എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് അറിയിക്കുമോ;

(സി) അവിടെ താമസിക്കാൻ കെട്ടിടം തെരഞ്ഞെടുക്കുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റി സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നു ഹജ്ജ് സർവ്വീസ് നടത്തുന്നതിന് എയർ ഇൻഡ്യ എന്തൊക്കെ സജ്ജീകരണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത വിമാനത്താവളത്തിൽനിന്നും കൂടുതൽ ഹജ്ജ് സർവ്വീസ് നടത്തേണ്ട ആവശ്യമുണ്ടെന്നു കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>) :

(എ) സംസ്ഥാനത്ത് നിന്നും ഹജ്ജ് കർമ്മത്തിനായി നേരിട്ട് മെക്കയിലേക്ക് പോകുന്ന തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും ജിദ്ദയിലേക്ക് നേരിട്ട് വിമാന സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ നിന്നും നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിച്ചേരുന്നതിനായി ആലുവയിൽ എത്തേണ്ടുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം ആലുവ റയിൽവേസ്റ്റേഷൻ വഴി പോകുന്ന തീവണ്ടികളിൽ ഹജ്ജ് തീർത്ഥാടകർക്കായി പ്രത്യേകം ബോഗികൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് ആവശ്യമായ യാത്രാരേഖകൾ താമസംവിനാ ലഭിക്കുന്നതിനും മറ്റ് സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി, വിമാനത്താവളത്തിന് സമീപമുള്ള മാറഞ്ചേരി എം.ഇ.എസ്

LIBRARY ARCHIVES Kerala Legislative Assembly

കോളേജിൽ 15 അംഗങ്ങൾ ഉള്ള ഒരു ഹജ്ജ് സെൽ (21.2.2000 മുതൽ 9.3.2000 വരെ) രൂപീകരിക്കുകയും തീർത്ഥാടകരെ വിവിധ കാര്യങ്ങളിൽ സഹായിക്കുന്നതിനായി 250 വാളണ്ടിയർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തീർത്ഥാടകരുടെ സൗകര്യങ്ങൾ കുറേക്കൂടി വർദ്ധിപ്പിക്കുന്നതിനായി വിവിധ സന്നദ്ധസംഘടനകളുടെയും വകുപ്പുകളുടേയും സഹകരണം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും സൗദിഅറേബ്യയിൽ എത്തിച്ചേരുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം 15 ഹജ്ജ് വാളണ്ടിയർമാരെ സൗദി അറേബ്യയിലെ ജിദ്ദയിലേക്ക് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. തീർത്ഥാടകർക്ക് ആവശ്യമായ വൈദ്യസഹായം ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ ടീമിൽ കേരളത്തിൽനിന്നും ഏഴ് ഡോക്ടർമാരേയും, മൂന്ന് നഴ്സ്മാരേയും ഒൻപതു ഫാർമസിസ്റ്റുകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഹജ്ജ് തീർത്ഥാടകർക്ക് മെക്കയിൽ താമസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ നിയോഗിച്ച "ബിൽഡിംഗ് സെലക്ഷൻ" ടീമിൽ കേരളത്തിൽനിന്നും രണ്ട് ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തിയിരുന്നു. തീർത്ഥാടകരുടെ താമസത്തിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അവ യഥാസമയം താമസയോഗ്യമാക്കികിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികൃതരോട് ടി ഉദ്യോഗസ്ഥന്മാർ അഭ്യർത്ഥിക്കുകയും തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ താമസസൗകര്യം ഏർപ്പെടുത്തി കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മെക്കയിൽ ഹജ്ജ് തീർത്ഥാടകർക്ക് താമസിക്കുന്നതിനുള്ള കെട്ടിടം തെരഞ്ഞെടുക്കുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റി സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സ്വതന്ത്രമായ അധികാരമോ, അനുമതിയോ നൽകിയിട്ടില്ല. എന്നാൽ കേന്ദ്ര വിദേശകാര്യവകുപ്പിന്റേയും കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടേയും അംഗീകാരത്തോടെ ഈ ആവശ്യത്തിലേക്ക് നിയോഗിക്കുന്ന 'ബിൽഡിംഗ് സെലക്ഷൻ' ടീമിൽ കേരളത്തിൽനിന്നും രണ്ടുദ്യോഗസ്ഥരെകൂടി ഉൾപ്പെടുത്തിയിരുന്നു.

(ഡി) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് 2000 ഫ്രെബുവരി 25-ാം തീയതി മുതൽ മാർച്ച് 7-ാം തീയതി വരെ പ്രതിദിനം 2 വിമാനം എന്ന കണക്കിൽ 24 ഹജ്ജ് സർവ്വീസുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ എയർ ഇൻഡ്യ അധികൃതർ ഏർപ്പെടുത്തിയിട്ടുണ്ട്. തീർത്ഥാടകരെ യാത്ര അയക്കുന്നതിന് വിമാനത്താവളത്തിൽ എത്തുന്നവർക്കായി ഷാമിയാനയും ഹജ്ജ് തീർത്ഥാടകർക്ക് താമസത്തിനും, ഭക്ഷണത്തിനും, പ്രാർത്ഥനയ്ക്കും ആവശ്യമായ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ ക്രമീകരിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ഹജ്ജ് സർവ്വീസ് ഈ വർഷം ഏർപ്പെടുത്തേണ്ട ആവശ്യമില്ല. എന്നാൽ ആവശ്യാനുസരണം കൂടുതൽ ഹജ്ജ് സർവ്വീസുകൾ വരും വർഷങ്ങളിൽ ഏർപ്പെടുത്തുന്നത് അഭിലഷണീയമാണ്. ഇതിലേക്ക് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly